QP CODE: 24045415

24045415

Reg No : .....................

Name : .....................

# MA DEGREE ( CSS) EXAMINATION, DECEMBER 2024

## First Semester

M A MALAYALAM

## CORE - ML010101 - KAVITHA PRACHEENAM MADHYAKALAM

2019 ADMISSION ONWARDS

5BED8F4C

Time: 3 Hours Weightage: 30

**Part A (Short Answer Questions)**

*Answer any **eight** questions.*

*Weight **1** each.*

1. "എന്റുമൊരുത്തരും മമ വായിൽ വീഴ്‌വതിളെച്ചുപോവി
ല്ലെന്നൊടെതിർക്കി ലെൻറവൾ ചൊല്ല, മാരുതിതാനുരത്താൽ" - ഈ സംഭാഷണത്തിന്റെ പ്രസക്തിയെന്ത്?
2. രാമകഥാപ്പാട്ടും രാമചരിതവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങളെ വിലയിരുത്തുക
3. കോകസന്ദേശത്തിൽ പട്ടൻമാരെ ചിത്രീകരിക്കുന്നതെങ്ങനെ?
4. "നളിനശരായുധമാംനിങ്ങളുമിഹപൊളകുംപ്രകാരമായിതോ "വർണ്ണനയുടെ ഔചിത്യം വ്യക്തമാക്കുക?
5. അറബിമലയാളസാഹിത്യം -കുറിപ്പെഴുതുക?
6. "നാരികയ്യാൽ ഫലം തിന്നുനരന്മാർക്കുവന്നദോഷം
നാരിയാം മേ ഫലമായ് നീയൊഴിച്ചോ പുത്രാ "- സൂചിതം എന്ത്?
7. മഹാകാവ്യപ്രസ്ഥാനം - കുറിപ്പെഴുതുക?
8. "മലകളിളകിലും മഹാജനാനാം
മനമിളകാ, ചപലോക്തി കേൾക്കിലുംകേൾ"- സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക?
9. "അപ്പൂവെടുത്തു മണക്കായ്കകൊണ്ടല്ലേ തെറ്റെന്ന് തെറ്റായ് പറയുന്നു ചൊവ്വറ്?"- സാരാംശം വ്യക്തമാക്കുക
10. ചെങ്ങന്നൂരാതിയും പാലു വംകോയിയുമായുള്ള അങ്കം - വിവരിക്കുക

(8×1=8 weightage)

## Part B (Short Essay/Problems)

*Answer any **six** questions.*

*Weight **2** each.*

11. ഭക്തിമയവും വേദാന്തസന്നിഭവുമാണ് കൃഷ്ണഗാഥയുടെ ആഖ്യാനതലം - വിലയിരുത്തുക
12. പദ്യരത്ന കൃതികളിൽ മല്ലീനിലാവ് എന്ന കൃതിയുടെ പ്രാധാന്യം എന്ത്?
13. ഭീഷ്മപതനംവരെയുള്ള മഹാഭാരത യുദ്ധകഥനത്തിൽ എഴുത്തച്ഛന്റെ കവനശൈലിയുടെ എന്തൊക്കെ പ്രത്യേകതകളാണ് കാണാൻ കഴിയുന്നത്? ഉദാഹരണ സഹിതം വിവരിക്കുക?
14. ഭക്തികാവ്യം എന്നനിലയിൽ ഹരിനാമകീർത്തനത്തിന്റെ സവിശേഷതകൾ എന്തെല്ലാം? ഉദാഹരണസഹിതം വ്യക്തമാക്കുക
15. പ്രകൃതിയിലെ ഏറ്റവും മനോഹരദൃശ്യങ്ങളുമായി കുഞ്ഞിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നതിന്റെ ഔചിത്യം വിവരിക്കുക?
16. ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും ഒരുപോലെവഴങ്ങുന്ന കവിയാണ് ചാവറയച്ഛൻ - വിശകലനം ചെയ്ത് സ്വാഭിപ്രായം എഴുതുക ?
17. ഇടനാടൻ പാട്ടുകളുടെ സാഹിത്യമേന്മ -വിവരിക്കുക?
18. വടക്കൻ പാട്ടുകളിലെ വാമൊഴിച്ചന്തം പുത്തരിയങ്കത്തെ മുൻനിർത്തി വിവരിക്കുക

(6×2=12 weightage)

## Part C (Essay Type Questions)

*Answer any **two** questions.*

*Weight **5** each.*

19. രാമകഥാകാവ്യങ്ങളിൽ രാമക്കഥപ്പാട്ടിന്റെ പ്രാധാന്യം - ചർച്ചചെയ്യുക.
20. . സാഹിത്യത്തെ വരേണ്യവർഗമേൽക്കോയ്മയിൽനിന്ന് മോചിപ്പിച്ച് സാധാരണജനങ്ങളിലേയ്ക്ക് എത്തിക്കാനുള്ള പുരോഗമനചിന്തയുടെ സാഫല്യമാണ് പൂന്താനം കവിത -വിശകലനം ചെയ്ത് സ്വാഭിപ്രായം എഴുതുക ?
21. സുഹൃത്ബന്ധത്തിന്റെതീഷ്ണതയാണ് കൃഷ്ണന്റെയും കുചേലന്റെയും കഥാഖ്യാനത്തിലൂടെ രാമപുരത്ത് വാര്യർ നിർവ്വഹിച്ചിരിക്കുന്നത്- ചർച്ച ചെയ്യുക?
22. നാടൻ പാട്ടുകളുടെ സവിശേഷതകൾ , വിവിധ പണിപ്പാട്ടുകളെ മുൻനിർത്തി ഉപന്യസിക്കുക

(2×5=10 weightage)